ദീപിക

1998 September 30 Wednesday

# വാഴ്സിറ്റി നീന്തൽ: കേരളവർമയ്ക്കും സെന്റ് മേരീസിനും കിരീടം

സ്വന്തം ലേഖകൻ

തൃശൂർ: പതിനഞ്ച് റിക്കാർഡുകൾ ഉദയംകണ്ട കാലിക്കട്ട് വാഴ്സിറ്റി നീന്തൽ ചാമ്പ്യൻഷിപ്പിൽ തൃശൂർ കേരളവർമ, സെന്റ് മേരീസ് കോളജുകൾ കിരീടം ചൂടി. പുരുഷവിഭാഗത്തിൽ 92 പോയിന്റോടെ കേരളവർമ ചാമ്പ്യന്മാരായപ്പോൾ 73 പോയിന്റോടെ സെന്റ് തോമസ് കോളജ് രണ്ടാമതെത്തി.

വനിതാവിഭാഗത്തിൽ സെന്റ് മേരിസ് 113 പോയിന്റ് നേടിയപ്പോൾ രണ്ടാം .സ്ഥാനക്കാരായ വിമല കോളജിന് 48 പോയിന്റ് നേടാനേ കഴിഞ്ഞുള്ളൂ. 35 പോയിന്റോടെ തൃശൂർ സെന്റ് തോമസ് കോളജിലെ എ.രമേശൻ ജലരാജൻപട്ടം സ്വന്തമാക്കി. രമേശൻ ആറിനങ്ങളിൽ സ്വർണം നേടി. അഞ്ച് റിക്കാർഡ് ഉൾപ്പെടെ ആറ് സ്വർണാം മുങ്ങിയെടുത്ത തൃശൂർ സെന്റ് മേരിസിലെ വി.രമ്യയാണ് ജലറാണി. രമ്യക്ക് 38 പോയിന്റുണ്ട്.

വാട്ടർപോളോയിൽ സെന്റ് തോമസ് കോളജ് ഒന്നാമതെത്തിയപ്പോൾ കേരളവർമയ്ക്കാണ് രണ്ടാം സ്ഥാനം. ആദ്യദിവസം എട്ടു റിക്കാർഡുകൾക്ക് സാക്ഷ്യം വഹിച്ച അകാട്ടിക് കോംപ്ലക്സിൽ ഇന്നലെ 9 പുതിയ റിക്കാർഡുകൾ കൂടി പിറന്നു. ആദ്യദിനം മൂന്ന് റിക്കാർഡിട്ട വി.രമ്യ ഇന്നലെ രണ്ടു റിക്കാർഡുകൾ കൂടി പഴങ്കഥയാക്കി.

വിജയികൾക്ക് കേരളവർമ കോളജ് പ്രിൻസിപ്പൽ പി.ചന്ദ്രശേഖരൻ സമ്മാനങ്ങൾ വിതരണം ചെയ്തു.

മത്സരഫലം ചുവടെ- യഥാക്രമം ആദ്യ മൂന്നു സ്ഥാനം നേടിയവർ:

1500 മീറ്റർ ഫ്രീ സ്റ്റൈൽ പുരുഷവിഭാഗം: എ.രമേശൻ (സെന്റ് തോമസ്, തൃശൂർ), കെ.രാജേഷ് (കേരളവർമ, തൃശൂർ), ടി.പാലകൻ (കേരളവർമ, തൃശൂർ).

800 മീറ്റർ ഫ്രീസ്റ്റൈൽ വനിത: വി.രമ്യ- സെന്റ് മേരീസ് തൃശൂർ, എസ്.സുമിഷ- വിമല കോളജ്, തൃശൂർ, ജോമി തോമസ്- സെന്റ് മേരീസ് കോളജ് തൃശൂർ.

200 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്ക് പുരുഷവിഭാഗം: വി.എൻ.ബൈജു കുമാർ- സെന്റ് തോമസ് തൃശൂർ, ബി.പ്രസാദ്- സെന്റ് തോമസ്, തൃശൂർ, ടി.പാലകൻ- കേരളവർമ തൃശൂർ.

200 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്ക് വനിത: വി.എസ്.ഷൈനി, വിമല കോളജ്, തൃശൂർ, ബിജി വർഗീസ് -സെന്റ് മേരീസ് കോളജ്, തൃശൂർ. മാല രാജ്- വിമല കോളജ്, തൃശൂർ.

200 മീറ്റർ ബട്ടർഫ്ളൈ സ്ട്രോക്ക് പുരുഷവിഭാഗം: എ.രമേശൻ- സെന്റ് തോമസ്, തൃശൂർ, എസ്.ബാബു- ശ്രീകേരളവർമ കോളജ് തൃശൂർ, സി.സി.സജിത് - ശ്രീകേരളവർമ കോളജ്, തൃശൂർ.

200 മീറ്റർ ബട്ടർഫ്ളൈ സ്ട്രോക്ക് വനിത: എം.ഉഷ- സെന്റ് മേരീസ്, തൃശൂർ, എസ്.ഭാഗ്യ- സെന്റ് മേരീസ് കോളജ് തൃശൂർ, ടി.എസ്.സുനിത- വിമല കോളജ്, തൃശൂർ.

100 മീറ്റർ ബാക്ക് സ്ട്രോക്ക് പുരുഷവിഭാഗം: എ.കെ.ശിവദാസൻ - കേരളവർമ കോളജ്, തൃശ്ശൂർ, എം.കെ.ജയപ്രസാദ്- കേരളവർമ തൃശൂർ, ആർ.സതീഷ് കുമാർ- സെന്റ് തോമസ്, തൃശൂർ.

100 മീറ്റർ ബാക്ക് സ്ട്രോക്ക് വനിത: വി.രമ്യ- സെന്റ് മേരീസ് കോളജ്, തൃശൂർ, ജോമി തോമസ്- സെന്റ് മേരീസ് കോളജ്, തൃശൂർ, ടി.എസ്.സുമിത്സ്- വിമല കോളജ്, തൃശൂർ.

200 മീറ്റർ ഇൻഡിവിഡ്വൽ മെഡ്ലെ വനിത: എം.ഉഷ, വി.രമ്യ, ജോമി തോമസ് -എല്ലാവരും സെന്റ് മേരീസ് തൃശൂർ.

200 മീറ്റർ ഇൻഡിവിഡ്വൽ മെഡ്ലെ പുരുഷവിഭാഗം: എ.രമേശൻ- സെന്റ് തോമസ് തൃശൂർ, എ.കെ.ശിവദാസൻ- കേരളവർമ കോളജ്, തൃശൂർ, ടി.പാലകൻ- കേരളവർമ കോളജ്, തൃശൂർ.

100 മീറ്റർ ഫ്രീ സ്റ്റൈൽ പുരുഷവിഭാഗം: സി.സി.സജിത്, കെ.രാജേഷ്- ഇരുവരും കേരളവർമ, തൃശൂർ, എ.രമേശൻ- സെന്റ് തോമസ് തൃശൂർ.

100 മീറ്റർ ഫ്രീ സ്റ്റൈൽ വനിത: വി.രമ്യ- സെന്റ് മേരീസ് കോളജ് തൃശൂർ, എം.ഉഷ- സെന്റ് മേരീസ് കോളജ്, തൃശൂർ, എസ്.സുമിഷ- വിമല കോളജ്, തൃശൂർ.

50 മീറ്റർ ഫ്രീസ്റ്റൈൽ പുരുഷവിഭാഗം: സി.സി.സജിത്, എ.കെ.സ്വാദരം, എ.രമേശൻ -എല്ലാവരും കേരളവർമ കോളജ്, തൃശൂർ.

50 മീറ്റർ ഫ്രീ സ്റ്റൈൽ വനിത: എം.ഉഷ -സെന്റ് മേരീസ് തൃശൂർ, വി.രമ്യ- സെന്റ് മേരീസ്, തൃശൂർ, എസ്.സുമീഷ- വിമല കോളജ്, തൃശൂർ.

4X200 ഫ്രീസ്റ്റൈൽ റിലേ പുരുഷവിഭാഗം: കേരളവർമ, തൃശൂർ, സെന്റ് തോമസ് തൃശൂർ, ഗവ. കോളജ്, ചിറ്റൂർ.

4X200 ഫ്രീ സ്റ്റൈൽ റിലേ വനിത: സെന്റ് മേരീസ് തൃശൂർ, വിമല തൃശൂർ, ഗവ. കോളജ് ചിറ്റൂർ.

ദീപിക

1998 സെപ്റ്റംബർ 30 ബുധൻ

# സ്പോർട്സ്



❐ കാലിക്കട്ട് വാഴ്സിറ്റി നീന്തൽ ചാമ്പ്യൻഷിപ്പിൽ വനിതാവിഭാഗം കിരീടം നേടിയ തൃശൂർ സെന്റ് മേരീസ് കോളജ് ടീം. പരിശീലകരായ ജനാർദനൻ, മാത്യു ലൂക്കോസ്, ഗീത ബനഡിക്ട് എന്നിവർക്കൊപ്പം. –ദീപിക

ദീപിക

1998 സെപ്റ്റംബർ 30 ബുധൻ




□ജലരാജനും ജലറാണിയും: കാലിക്കട്ട് വാഴ്സിറ്റി നീന്തൽ ചാമ്പ്യൻഷിപ്പിൽ വ്യക്തിഗത ചാമ്പ്യൻമാരായ തൃശൂർ സെന്റ് തോമസ് കോളജിലെ എ.രമേശനും തൃശൂർ സെന്റ് മേരീസ് കോളജിലെ വി.രമ്യയും. -ദീപിക

# നീന്തൽക്കുളത്തിൽ ബന്ധുക്കളുടെ കുതിപ്പ്

**ഷാജിമോൻ ജോസഫ്**

തൃശൂർ: നീന്തൽകുളത്തിൽ കിതപ്പറിയാതെ കുതിക്കുന്ന 'അപൂർവ സഹോദരങ്ങൾ'ക്കിത് അതുല്യ നേട്ടത്തിന്റെ ധന്യനിമിഷം. കാലിക്കട്ട് വാഴ്സിറ്റി നീന്തൽ ചാമ്പ്യൻഷിപ്പിൽ പുരുഷ - വനിതാവിഭാഗം വ്യക്തിഗത ചാമ്പ്യൻമാരായ തൃശൂർ സെന്റ് തോമസ് കോളജിലെ രമേശനും സെന്റ് മേരീസ് കോളജിലെ വി.രമ്യയും വിജയത്തിലെ സാമ്യതയ്ക്കപ്പുറം അടുത്ത ബന്ധുക്കളാണ്. രമേശന്റെ അമ്മാമയുടെ അനുജത്തിയുടെ കൊച്ചുമകളാണ് രമ്യ. നീന്തൽകുളത്തിൻനിന്നും മുങ്ങിയെടുത്ത മെഡലുകൾകൊണ്ട് വീട്ടിലെ ഷോക്കേസ് മോടിപിടിപ്പിക്കുന്ന ഇരുവർക്കും ഇത്തവണത്തെ ചാമ്പ്യൻഷിപ്പ് അവിസ്മരണീയമായി.

പേരിലെ സാമ്യംപോലെ ഇരുവരും സമപ്രായക്കാർ. പ്രീഡിഗ്രി രണ്ടാം വർഷ വിദ്യാർഥികൾ. തിരുവനന്തപുരം കൊപ്പത്ത് അയൽവാസികളായ രമേശനും രമ്യയും തുഴച്ചിലിന്റെ ബാലപാഠങ്ങൾ അഭ്യസിച്ചുതുടങ്ങിയതും ഒരു കുളത്തിൽ തന്നെ. കായികരംഗത്ത് മികച്ച റിക്കാർഡുള്ള കുടുംബ പാരമ്പര്യവും ഇരുവർക്കും അവകാശപ്പെടാനുണ്ട്. രമേശന്റെ മൂത്ത സഹോദരി ജയശ്രീ രണ്ടുവർഷം മുമ്പ് കാലിക്കട്ട് വാഴ്സിറ്റി നീന്തലിൽ വ്യക്തിഗത ചാമ്പ്യനായിരുന്നു. അടുത്തയിടെ ബാംഗളൂരിൽ നടന്ന സീനിയർ നാഷണൽ വാട്ടർ പോളോയിൽ രണ്ടാംസ്ഥാനം നേടിയ കേരള ടീമിൽ അംഗമായിരുന്നു. മറ്റൊരു സഹോദരി സുധ സംസ്ഥാന ബോൾബാഡ്മിന്റൺ താരം.

രമ്യയുടെ അമ്മ വിജയമ്മയും നീന്തൽതാരമാണ്. നീന്തൽക്കുളത്തിൽനിന്ന് മെഡലുകൾ വാരിക്കൂട്ടുന്ന ഇരുവരും നന്ദിപറയുന്നത് പരിശീലകരോട്.

'സായി'യുടെ കീഴിൽ പരിശീലിക്കുന്ന തങ്ങളുടെ തുഴച്ചിലിന് പ്രചോദനവും ചാലകശക്തിയും 'സായി' കോച്ച് മാത്യു ലൂക്കോസും സ്പോർട്സ് കൗൺസിൽ കോച്ച് ജനാർദനനുമാണെന്ന് ഇരുവരും ഒരേസ്വരത്തിൽ പറയുന്നു. ഇവർ പകർന്നുനല്കുന്ന പ്രോത്സാഹനമാണ് ഓരോ വിജയത്തിനും പിന്നിലെന്ന് രമേശനും രമ്യയും വ്യക്തമാക്കി. ലുധിയാനയിൽ നടന്ന ജൂണിയർ നാഷണൽസിൽ പങ്കെടുത്തശേഷം കഴിഞ്ഞദിവസമാണ് രണ്ടുപേരും മടങ്ങിയെത്തിയത്. യാത്രാക്ഷീണം പ്രകടനത്തെ കുറച്ചൊക്കെ ബാധിച്ചുവെന്ന് നീന്തൽകുളത്തിലെ 'മുത്തുകൾ' പറഞ്ഞു.

ഇക്കുറി പത്തിനങ്ങളിൽ മാറ്റുരച്ച രമ്യ അഞ്ചു റിക്കാർഡുകളടക്കം ആറു സ്വർണം നേടി. 800, 400, 100 മീറ്റർ ഫ്രീസ്റ്റൈൽ ഇനങ്ങളിലും 400 മീറ്റർ ഇൻഡിവിഡ്വൽ മെഡ്ലെയിലും 200 മീറ്റർ ബാക്ക്സ്ട്രോക്കിലുമാണ് രമ്യയുടെ റിക്കാർഡുകൾ. 800 മീറ്റർ ഫ്രീസ്റ്റൈലിൽ രണ്ടുവർഷം മുമ്പ് വിമല കോളജിലെ സുമിഷ സ്ഥാപിച്ച ഇന്റർ വാഴ്സിറ്റി സമയവും രമ്യ മെച്ചപ്പെടുത്തി. 100 മീറ്റർ ബാക്ക്സ്ട്രോക്കിൽ ഒന്നാമതെത്തിയ രമ്യ 50 മീറ്റർ ഫ്രീസ്റ്റൈലിലും 200 മീറ്റർ ഇൻഡിവിഡ്വൽ മെഡ്ലെയിലും രണ്ടാം സ്ഥാനവും 100 മീറ്റർ ബട്ടർഫ്ളൈയിലും 200 മീറ്റർ ഫ്രീസ്റ്റൈലിലും മൂന്നാം സ്ഥാനവും നേടി. സ്കൂൾ വിദ്യാർഥിയായ രമ്യയുടെ അനുജൻ രജീഷും നീന്തൽ താരമാണ്. പിതാവ്: മോഹനൻ.

റിക്കാർഡുകളൊന്നും സ്ഥാപിക്കാനായില്ലെങ്കിലും ആറു സ്വർണം വാരിക്കൂട്ടിയതിന്റെ ആഹ്ലാദം രമേശൻ മറച്ചുവച്ചില്ല. 200, 400, 1500 മീറ്റർ ഫ്രീസ്റ്റൈൽ, 400, 200 മീറ്റർ ഇൻഡിവിഡ്വൽ മെഡ്ലെ, 200 മീറ്റർ ബട്ടർഫ്ളൈ എന്നീ ഇനങ്ങളിലാണ് രമേശൻ സ്വർണം മുങ്ങിയെടുത്തത്. തിരുവനന്തപുരം കരിഞ്ഞാറകോണത്ത് പുത്തൻവീട്ടിൽ അപ്പുവിന്റേയും ഭവാനിയുടെയും മകനാണ്. നാലു സഹോദരങ്ങൾ.

മാതൃഭൂമി

. 1998 സപ്തംബർ 29 ചൊവ്വാഴ്ച

# യൂണി. നീന്തൽ: ആദ്യദിനം 8 റിക്കാർഡ് മുങ്ങി; രമ്യ തിളങ്ങി

സ്പോർട്ട്സ് ലേഖകൻ

തൃശൂർ: കാലിക്കറ്റ് യൂണിവേഴ്സിറ്റി നീന്തൽ ചാമ്പ്യൻഷിപ്പിൻെറ ആദ്യദിനം നടന്ന 16 ഇനങ്ങളിൽ എട്ടിലും പുതിയ റെക്കോഡ്. ഇതിൽ ഏഴെണ്ണവും കുറിച്ചത് വനിതകളുടെ പേരിൽ. വ്യക്തിഗതയിനങ്ങളിൽ മൂന്നും റിലേയിൽ രണ്ടും റെക്കോഡുകൾ കരസ്ഥമാക്കി തൃശൂർ സെൻറ് മേരീസ് കോളേജിലെ വി. രമ്യ തിങ്കളാഴ്ചത്തെ 'താരമായി. ആദ്യദിവസം പിന്നിട്ടപ്പോൾ പുരുഷവിഭാഗത്തിൽ 45 പോയിൻേറാടെ കേരളവർമ്മ കോളേജും വനിതാ വിഭാഗത്തിൽ 56 പോയിൻേറാടെ തൃശൂർ സെൻറ് മേരീസും മുന്നിട്ടുനിൽക്കുന്നു.

വിനതാ വിഭാഗം 400 മീറ്റർ ഫ്രീ സ്റ്റൈലിൽ തൃശൂർ സെൻറ് മേരീസ് കോളേജിലെ വി. രമ്യ 5 മി. 0.52 സെക്കൻഡിൽ ഫിനിഷ് ചെയ്താണ് പുതിയ മീറ്റ് റെക്കോഡ് കണ്ടെത്തിയത്. വിമല കോളേജിലെ എസ്. സുമിഷയുടെ (5 മി. 05.07 സെക്കൻഡ്) പേരിലായിരുന്നു നിലവിലുള്ള റെക്കോഡ്.

. 200 മീറ്റർ ബാക്ക് സ്ട്രോക്കിൽ രമ്യ 2 മി. 45.18 സെക്കൻഡിൽ സ്വന്തം പേരിലുള്ള റെക്കോഡ് (2 മി. 47.98 സെ.) തിരുത്തുകയായിരുന്നു. 400 മീറ്റർ വ്യക്തിഗത മെഡ്ലേയിൽ 5 മി. 47.91 സെക്കൻഡിൽ നീന്തി എത്തിയാണ് പഴയ റെക്കോഡ് (എം. ഉഷ 5 മി. 57.07 സെ., സെൻറ് മേരീസ്) തകർത്തത്.

രമ്യയും എം. ഉഷയും ജോമി തോമസും ജോഷ്നി ആൻറണിയുമടങ്ങുന്ന സെൻറ് മേരീസ് കോളേജ് ടീം വനിതാ വിഭാഗത്തിൽ രണ്ടു റെക്കോഡുകളോടെ റിലേയിനത്തിൽ ആധിപത്യം പുലർത്തി. 4 X 100 മീറ്റർ ഫ്രീസ്റ്റൈലിൽ 4 മി. 40.82 സെക്കൻഡോടെയും (പഴയ റെക്കോഡ് 4 മി. 44.16 സെ., സെൻറ് മേരീസ്) 4 X 100 മീറ്റർ മെഡ്ലേയിൽ 5 മി. 18.27 സെക്കൻഡോടെയും (പഴയ റെക്കോഡ് 5 മി. 32.24 സെ., വിമല) ആണ് പുതിയ സമയം സ്ഥാപിച്ചത്.

വനിതാ വിഭാഗത്തിൽ വ്യക്തിഗതയിനത്തിൽ റെക്കോഡിട്ട മറ്റൊരു താരം സെൻറ് മേരീസിലെ തന്നെ എം. ഉഷയായിരുന്നു. 100 മീറ്റർ ബട്ടർ ഫ്ളൈയിൽ 1 മി. 12.05 സെക്കൻഡ് സമയത്തിൽ ഉഷ സ്വന്തം റെക്കോഡ് (1 മി. 13.31 സെ.) തിരുത്തുകയായിരുന്നു. വനിതകളുടെ 200 മീറ്റർ ഫ്രീസ്റ്റൈൽ വ്യക്തിഗതയിനത്തിൽ തൃശൂർ വിമലയിലെ എസ്. സുമിഷയും സ്വന്തം റെക്കോഡ് (2 മി. 28.52 സെ.) തിരുത്തിയാണ് പുതിയ സമയം (2 മി. 28.51 സെ.) കണ്ടെത്തിയത്.

പുരുഷവിഭാഗത്തിലെ റെക്കോഡിനുടമയായ ഏക താരം കേരളവർമ്മയിലെ സി.സി. സുജിത് ആയിരുന്നു. 100 മീറ്റർ ബട്ടർ ഫ്ളൈയിൽ കേരളവർമ്മയിലെ തന്നെ ടി.വി. അജിമോൻ സ്ഥാപിച്ച (1 മി. 05.48 സെ.) റെക്കോഡിനെയാണ് 1 മി. 05.06 സെക്കൻഡിൽ സുജിത് മറികടന്നത്.

## മത്സരഫലങ്ങൾ

400 മീ. ഫ്രീസ്റ്റൈൽ (പുരുഷന്മാർ): 1. എ. രമേശൻ (4 മി. 50.58 സെ., സെൻറ് തോമസ്, തൃശൂർ) 2. കെ. രാജേഷ് (കേരളവർമ്മ) 3. പി.എസ്. സുജിത്ത് (സെൻറ് തോമസ്, തൃശൂർ).

വനിതകൾ: 1. രമ്യ (5 മി. 00.53 സെ., സെൻറ് മേരീസ്, തൃശൂർ) 2. എസ്. സുമിഷ (വിമല, തൃശൂർ) 3. ജോമി തോമസ് (സെൻറ് മേരീസ്, തൃശൂർ).

100 മീ. ബ്രെസ്റ്റ് സ്ട്രോക്ക് (പുരുഷന്മാർ): 1. ബി. പ്രസാദ് (1 മി. 18.16 സെ.) 2. വി.എൻ. ബൈജുകുമാർ (ഇരുവരും സെൻറ് തോമസ്) 3. ടി. പാലകൻ (ശ്രീ കേരളവർമ്മ).

വനിതകൾ: 1. രജിത ആർ.ഐ. നായർ (1 മി. 29.80 സെ.) 2. ഷൈനി വി.എസ്. (ഇരുവരും വിമല, തൃശൂർ) 3. ബി

വനിതകൾ. 1. വി. രമ്യ (2 മി. 45.18 സെ.) 2. ജോമി തോമസ് (ഇരുവരും സെൻറ് മേരീസ്, തൃശൂർ) 3. ടി.എസ്. സുനിത (വിമല).

100 മീറ്റർ ബട്ടർഫ്ളൈ (പുരുഷന്മാർ): 1. സി.സി. സജിത് (1 മി. 05.06 സെ., കേരളവർമ്മ) 2. എ. രമേശൻ (സെൻറ് തോമസ്) 3. ബാബു എസ്. (കേരളവർമ്മ).

വനിതകൾ: 1. എം. ഉഷ (1 മി. 12.05 സെ.) 2. എസ്. ഭാഗ്യ 3. എം. രമ്യ (മൂവരും സെൻറ് മേരീസ്, തൃശൂർ).

4x100 മീറ്റർ ഫ്രീസ്റ്റൈൽ റിലേ—പുരുഷന്മാർ: 1. ശ്രീ കേരളവർമ്മ കോളേജ് (4 മി. 15.91 സെ.), 2. സെൻറ് തോമസ് കോളേജ് 3. ഗവ. കോളേജ്, ചിറ്റൂർ.

400 മീറ്റർ വ്യക്തിഗത മെഡ്ലേ—പുരുഷന്മാർ: 1. എ.രമേശൻ (5 മി. 31.63 സെ., സെൻറ് തോമസ്) 2. ടി.പാലകൻ. 3. എം.കെ. ജയപ്രസാദ് (ഇരുവരും കേരളവർമ്മ).

വനിതകൾ: 1. വി. രമ്യ (5 മി. 47.91 സെ.) 2. എം. ഉഷ. 3. ജോമി തോമസ് (മൂവരും സെൻറ് മേരീസ് കോളേജ്).

200 മീറ്റർ ഫ്രീസ്റ്റൈൽ—പുരുഷന്മാർ: 1. എ. രമേശൻ (2 മി. 16.56 സെ., സെൻറ് തോമസ്) 2. കെ. രാജേഷ് (കേരളവർമ്മ) 3. പി.എസ്. സുജിത്ത് (സെൻറ് തോമസ്).

വനിതകൾ: 1. എസ്. സുമിഷ (2 മി. 28.51 സെ., വിമല) 2. ജോഷ്നി ആൻറണി 3. വി. രമ്യ (ഇരുവരും സെൻറ് മേരീസ്).

## രമ്യയുടെ ഉജ്ജ്വല പ്രകടനം

തൃശൂർ: കലിക്കറ്റ് യൂണിവേഴ്സിറ്റി നീന്തൽ മത്സരത്തിലെ ആദ്യദിനം വി. രമ്യയുടേത്. തൃശൂർ സെൻറ് മേരീസ് കോളേജിലെ രമ്യ പങ്കെടുത്ത ഏഴിനങ്ങളിൽ 5 റെക്കോഡുകൾ സ്വന്തം പേരിൽ എഴുതിച്ചേർത്തും രണ്ടിനങ്ങളിൽ മൂന്നാം സ്ഥാനം നേടിയുമാണ് തിളങ്ങുന്ന താരമായത്. 400 മീറ്റർ ഫ്രീസ്റ്റൈൽ, 200 മീറ്റർ ബാക്ക് സ്ട്രോക്ക്, 400 മീറ്റർ വ്യക്തിഗത മെഡ്ലേ,

4x100 ഫ്രീസ്റ്റൈൽ റിലേ, 4x100 മീറ്റർ മെഡ്ലേ റിലേ എന്നിവയിലാണ് റിക്കാർഡിട്ടത്. 100 മീറ്റർ ബട്ടർഫ്ളൈയിലും 200 മീറ്റർ ഫ്രീസ്റ്റൈലിലുമാണ് മൂന്നാം സ്ഥാനം.


മാതൃഭൂമി

1998 സെപ്റ്റംബർ 29 ചൊവ്വ



4 x 100 മീറ്റർ ഫ്രീസ്റ്റൈൽ റിലേയിലും 4 x 100 മീറ്റർ മെഡ്‌ലേ റിലേയിലും റെക്കോഡോടെ ഒന്നാം സ്ഥാനത്ത് എത്തിയ തൃശ്ശൂർ സെൻറ് മേരീസ് കോളേജ് ടീമംഗങ്ങൾ

1998 സെപ്റ്റംബർ 29 ചൊവ്വ



200 മീറ്റർ ബാക്ക് സ്ട്രോക്ക്, 400 മീറ്റർ ഫ്രീസ്റ്റൈൽ, 4 x 100 മീറ്റർ ഫ്രീസ്റ്റൈൽ റിലേ, 4 x 100 മീറ്റർ മെഡ്‌ലേ റിലേ, 400 മീറ്റർ വ്യക്തിഗത മെഡ്‌ലേ എന്നിവയിൽ റെക്കോഡോടെ ഒന്നാമതെത്തിയ വി. രമ്യ (വലത്ത്). 100 മീറ്റർ ബട്ടർഫ്ളൈ 4 x 100 മീറ്റർ റിലേ 4 x 100 മീറ്റർ മെഡ്‌ലേ റിലേ എന്നിവയിൽ റെക്കോഡോടെ ഒന്നാം സ്ഥാനത്തെത്തിയ എം. ഉഷ (ഇടത്ത്)

ദീപിക

1998 സെപ്റ്റംബർ 20 ഞായർ

# സെന്റ് മേരീസിന് കബഡി കിരീടം

തൃശൂർ: കാലിക്കട്ട് യൂണിവേഴ്സിറ്റി വനിതാ കബഡി ചാമ്പ്യൻഷിപ്പിൽ തൃശൂർ സെന്റ് മേരീസ് കോളജ് ആറാം തവണയും ജേതാക്കളായി. ഫൈനലിൽ കുട്ടനെല്ലൂർ ഗവ.കോളജിനെ 33 നെതിരേ 56 പോയിന്റിനാണ് സെന്റ് മേരീസ് തകർത്തത്.

ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് ഇന്റർയൂണിവേഴ്സിറ്റി വനിതാ ചാമ്പ്യൻ ഷിപ്പിനുള്ള കാലിക്കട്ട് യൂണിവേഴ്സിറ്റി ടീമിന്റെ സെലക്ഷനും നടന്നു. ടീമംഗങ്ങൾ: പി.എ.സരിത (ക്യാപ്റ്റൻ), ടി.വി.സവിത, സി.പി.ലില്ലി, എം.എസ്.സിന്ധു (സെന്റ് മേരീസ് തൃശൂർ), കെ.എസ്.സുമി, ജോജി മാത്യു, ജിജി മാത്യു (കുട്ടനെല്ലൂർ ഗവ.കോളജ്), പി.ടി.നസീമ, റീന വർഗീസ് (ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ്), സിനി തോമസ്, നിഷാ അഗസ്റ്റിൻ (ഇരിങ്ങാലക്കുട ക്രൈസ്റ്റ്) ഹെൻമലർ (പാലക്കാട് വിക്ടോറിയ).



കാലിക്കട്ട് വാഴ്സിറ്റിയുടെ വനിതാവിഭാഗം കബഡി ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ തൃശൂർ സെന്റ് മേരീസ് കോളജ് ടീം പ്രിൻസിപ്പൽ ഡോ.സിസ്റ്റർ അൽഫോൻസ് ബെക്സിയോടൊപ്പം. -ദീപിക

**മാതൃഭൂമി**

**1998 സെപ്റ്റംബർ 20 ഞായർ**

# വിമല, ശ്രീകൃഷ്ണ, സെൻറ് മേരീസ്, സെൻറ് തോമസ് ജേതാക്കൾ

തൃശൂർ: ജില്ലാ ഗെയിംസ് അത്‌ലറ്റിക്സിൽ പുരുഷവിഭാഗത്തിൽ ശ്രീകൃഷ്ണ കോളേജ് 82 പോയിൻറോടെ ചാമ്പ്യന്മാരായി. വനിതാവിഭാഗം കിരീടം വിമലാ കോളേജിനാണ്.

ആൺകുട്ടികളുടെ വിഭാഗത്തിൽ തൃശൂർ സെൻറ് തോമസ് 62 പോയിൻറോടെ ചാമ്പ്യന്മാരായപ്പോൾ പെൺകുട്ടികളുടെ കിരീടം സെൻറ് മേരീസ് നേടി— 57 പോയിൻറ്. വി[illegible] കാളേജ് ഈ വിഭാഗത്തിൽ 49 പോയിൻറ് നേടി.

ഫുട്ബോളിൽ തൃശൂർ ജില്ലാ പോലീസ് ക്രൈസ്റ്റ് കോളേജിനെ ടൈബ്രേക്കറിൽ കീഴടക്കി ജേതാക്കളായി (4—3).

വോളിബോളിൽ ക്രൈസ്റ്റ് കോളേജ് പുരുഷ വിഭാഗത്തിലും ആൺകുട്ടികളുടെ വിഭാഗത്തിലും ചാമ്പ്യന്മാരായി. പുരുഷവിഭാഗത്തിൽ സിറ്റി ക്ലബ്ബ് അതിരപ്പിള്ളിയേയും, ആൺകുട്ടികളുടെ വിഭാഗത്തിൽ എസ്.എൻ.എ.സ്വി.. കഴിമ്പ്രത്തേയുമാണ് അവർ തോല്പിച്ചത്.

വോളിബോളിൽ സെൻറ് ജോസഫ് ഇരിങ്ങാലക്കുടയും ഡബിൾ നേടി. പെൺകുട്ടികളുടെ വിഭാഗം ഫൈനലിൽ വെള്ളിക്കുളങ്ങര പി.സി.ജി.എച്ച്.എസ്സിനെ കീഴടക്കിയ അവർക്ക് വനിതാ വിഭാഗത്തിൽ എതിരാളികളുണ്ടായില്ല. വിജയികൾക്കുള്ള ട്രോഫികളും ക്യാഷ് അവാർഡുകളും കളക്ടർ രാജുനാരായണസ്വാമി വിതരണം ചെയ്തു.

**മലയാള മനോരമ**

**1998 ജൂലായ് 28 ചൊവ്വ**

തൃശൂർ: എസ്.എസ്.എൽ.സി., പ്രീഡിഗ്രി പരീക്ഷകളിലെന്നപോലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി.എ., ബി.എസ്സി. പരീക്ഷയിലും റാങ്കുകൾ വാരിക്കൂട്ടിയ ജില്ലയിലെ കോളജുകൾക്ക് തിളക്കമാർന്ന വിജയം. വിവിധ വിഷയങ്ങളിലായി 12 ഒന്നാം റാങ്ക് ഉൾപ്പെടെ 34 റാങ്കുകളാണു തൃശൂർ ജില്ലയ്ക്കു സ്വന്തം.

ആറ് റാങ്ക് വീതം നേടിയ തൃശൂർ, വിമല, ഇരിങ്ങാലക്കുട സെയ്ന്റ് ജോസഫ്സ്, പുതുക്കാട് പ്രജ്യോതി നികേതൻ കോളജുകൾ മികച്ച നേട്ടം കൈവരിച്ചു. ഒന്നാം റാങ്കിന്റെ അവകാശികളിൽ പ്രൈവറ്റ് കോളജിൽ നിന്നുള്ള വിദ്യാർഥിയും ഉൾപ്പെടുന്നു. ജി



നിതാ ഏബ്രഹാം.ബി.എസ്സി(മാത്സ്[illegible]രീസ് തൃശൂർ

സഹോദരീപുത്രി മേഴ്സി പോൾ '87ൽ എം.ജി. സർവകലാശാലാ ബി.എസ്സി. മാത്സ് ഒന്നാം റാങ്കുകാരിയാണ്. സെയ്ന്റ് മേരീസിലെ തന്നെ എം. ബ്രീസ്നിക്കാണു മൂന്നാം റാങ്ക്. സൗദി എയർ ഡിഫൻസ് ഉദ്യോഗസ്ഥൻ കുര്യച്ചിറ ഫ്രാങ്ക് റോഡിൽ ഫ്രാൻസിസ് മാങ്ങന്റെയും റോസിലിന്റെയും മകൾ.

ബി.എസ്സി. [illegible]

മാതൃഭൂമി

1998 ഒക്ടോബർ 24 ശനി



ഇൻറർ കൊളീജിയറ്റ് പ്രയർ ഫെല്ലോഷിപ്പ് സെൻറ് മേരീസ് കോളേജിൽ നടത്തിയ ഏകദിന വിദ്യാർത്ഥി ക്യാമ്പ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ അൽഫോൺസ് ബെറ്റ്സി ഉദ്ഘാടനം ചെയ്യുന്നു

ദീപിക

1998 ഒക്ടോബർ 11 ഞായർ



☐ കാലിക്കട്ട് സർവകലാശാല എം.എസ്സി. മാത്സ് പരീക്ഷയിൽ രണ്ടാംറാങ്ക് നേടിയ ഷീന ടി. തരകൻ. പറവട്ടാനിയിലെ തോമസ് തരകന്റെ മകളായ ഷീന തൃശൂർ സെന്റ് മേരീസ് കോളജ് വിദ്യാർഥിനിയായിരുന്നു.

The New Indian Express

1998 ഒക്ടോബർ 4 ഞായർ

# St Thomas, St Mary's overall champs

EXPRESS NEWS SERVICE

**Thiruvananthapuram, Oct 3:** Thrissur colleges bagged all the team titles that were on offer in the swimming events of the 2nd Kerala Games today.

Sree Kerala Varma, St Thomas, Vimala, and St Mary's won the team titles in men's, women's, boys and girls sections respectively.

As expected S Sumisha and Sumi Cyriac of St Mary's and Alphonsa College, Pala shared the women's individual championships. In the girls, collegemates, M Usha and V Remya, also of St Mary's, emerged champions in girls section.

K Rajesh, SKVC and A Remasan of St Thomas and P Vimalkumar of Dolphin Club, Pirappancode, Tvm with 20 points were declared men and boys champions.

Five [illegible]cords were bettered on the [illegible]ncluding d[illegible]y. Yesterday six records wer[illegible] sunk. A Remasan (1500m, 200m butterfly, 200m individual medley), V Remya (800m FS), and M Usha (200m FS, 200m butterfly) were the [illegible]mers who rewrote the records today.

Usha and Remya also helped St Mary's win 4x100m freestyle relay and both mermaids accounted for six gold medals including three which they won today.

In the women' section Sumi Cyriac emerged the fastest swimmer. P Vimalkumar (in boys) and Sumi added two more gold today taking their overall medal tally to four. T V Ajimon added one more to his name.

**Results (Record breakers): Girls** 200m butterfly: M Usha (St Mary's, Tsr 2:40.24NMR, OR M Usha 2:46.60), S Bagya (St Mary's), Snony Cyriac (St Joseph's GHS); 800m: V Remya (St Mary's, 10:31.74NMR, ORS Sumisha 10:38.18); 200m: M Usha (St Mary's 2:24.98, 2:24.98NMR, OR 2:25.67 st by S Sumisha), S Sheeja (Dolphin Tvm), K Sunitha (Navayugam, Tvm); **Boys:**1500m FS A Remasan (St Thomas, Tsr 18:52.04, NMR, OR V Shibu, Fighters, Tvm), V D Sreevishak (Dolphin), T V Baijumon (Priyadarshini, Tvm); 200m individual medley: A Remasan (STS, Tsr, 2:33.65NMR, OR B Remesh Priyadarshini, 2:39.85), TV Bijumon and B Remesh (both Priyadarshini).

മലയാള മനോരമ

1999 ജനുവരി 24 ഞായർ

## കളിക്കളം



കാലിക്കറ്റ് സർവകലാശാല ജൂഡോ ചാംപ്യൻഷിപ്പ് തുടർച്ചയായി രണ്ടാംതവണയും നേടിയ തൃശൂർ സെയ്ന്റ് മേരീസ് കോളജ് ടീം.

മാതൃഭൂമി

1999 ജനുവരി 21 വ്യാഴം

## സെൻറ് തോമസ്സിനും സെൻറ് മേരീസിനും ഒന്നാം സ്ഥാനം

തൃശൂർ: മാതൃഭൂമി ട്രോഫിക്കുവേണ്ടി നടന്ന കലിക്കറ്റ് സർവ്വകലാശാലാ യോഗാസന സൂര്യനമസ്കാരം ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ തൃശൂർ സെൻറ് തോമസ് കോളേജും പെൺകുട്ടികളുടെ വിഭാഗത്തിൽ തൃശൂർ സെൻറ് മേരീസ് കോളേജും. ഒന്നാമതെത്തി.

തോപ്പ് സ്റ്റേഡിയത്തിൽ തിങ്കളാഴ്ച നടന്ന മത്സരത്തിൽ പുതുക്കാട് പ്രജ്യോതി നികേതനും പാലക്കാട് മേഴ്സി കോളേജും രണ്ടാം സ്ഥാനവും തൃശൂർ കേരളവർമ്മ കോളേജും ഗുരുവായൂർ ശ്രീകൃഷ്ണ കോളേജും മൂന്നാം സ്ഥാനവും നേടി.

**മലയാള മനോരമ**

1999 മാർച്ച് 17 ബുധൻ

## ബിരുദദാനവും വിദ്യാർഥിനി സംഗമവും

തൃശൂർ: സെയ്ന്റ് മേരീസ് കോളജിലെ ബിരുദദാന യോഗം നാളെ രാവിലെ പത്തിനു കോളജ് ഓഡിറ്റോറിയത്തിൽ നടത്തും. തുടർന്ന്

പൂർവവിദ്യാർഥിനി സംഘടനയായ 'ദി എൽഡർ സെയ്ന്റ് മേരീസി'ന്റെ വാർഷിക സമ്മേളനവും ഉണ്ടായിരിക്കും. റിട്ടയർ ചെയ്ത പ്രിൻസിപ്പലിനും അധ്യാപകർക്കും സ്വീകരണം നൽകും.

**മാതൃഭൂമി**

1999 മാർച്ച് 3 ബുധൻ

## പ്രതിഭാദിനം ആഘോഷിച്ചു

തൃശ്ശൂർ: സെൻറ് മേരീസ് കോളേജിലെ അധ്യാപക രക്ഷാകർതൃ സംഘടനയുടെ ആഭിമുഖ്യത്തിൽ 'പ്രതിഭാദിനം' ആഘോഷിച്ചു. 36 വിദ്യാർത്ഥിനികളെയാണ് ആദരിച്ച് ഉപഹാരങ്ങൾ നൽകിയത്.

സർവകലാശാലാ പരീക്ഷകളിലെ റാങ്കു ജേതാക്കൾ, ദേശീയ, അന്തർസർവ്വകലാശാലാ തലത്തിൽ വിജയികളായകായിക താരങ്ങൾ, കലാകാരികൾ എന്നിവരെയാണ് ആദരിച്ചത്. ജില്ലാ കളക്ടർ രാജുനാരായണസ്വാമി പരിപാടി ഉദ്ഘാടനം ചെയ്തു.

സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ഫെലിസിറ്റ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ സിസ്റ്റർ ഡോ. ബെറ്റ്സി, പി.ടി.എ. പ്രസിഡണ്ട് ഡോ. സി.ടി. പോൾ, പ്രൊഫ. കെ.ഒ. അന്നം, ദേവസ്സി ചെമ്മണ്ണൂർ, വൈസ് പ്രിൻസിപ്പൽ സിസ്റ്റർ ഫിലോ ജെയിംസ്, പ്രൊഫ. നിർമല ജോസഫ്, പ്രൊഫ. പീറ്റർ എന്നിവർ പങ്കെടുത്തു.



സെൻറ് മേരീസ് കോളേജിലെ പ്രതിഭാദിനം ജില്ലാകളക്ടർ രാജുനാരായണ സ്വാമി ഉദ്ഘാടനം ചെയ്യുന്നു